Page 3:Page 3.qxd 8/11/2012 12:12 AM Page 1

മംഗളം സൺഡേ MAGAZINE
2012 ഓഗസ്റ്റ് 12

ലേഖനം കിക്ക്

കാൽ ലക്ഷം ലേഖനങ്ങൾ പതിനഞ്ച് ലക്ഷം തിരുത്തലുകൾ

മലയാളം വിക്കിപീഡിയ മുന്നോട്ട് ?



വിക്കിപീഡിയ
സ്വതന്ത്ര വിജ്ഞാനകോശം

■ വി.കെ. ആദർശ്

ലോകത്തിലെ ഏറ്റവും വലിയ സർവവിജ്ഞാന കോശത്തിന്റെ മലയാളം പതിപ്പ് പോയമാസം നിർണായകമായ രണ്ട് നാഴികകല്ലുകൾ പിന്നിട്ട് മുന്നോട്ട് കുതിക്കുകയാണ്. 2002 ഡിസംബർ 21 ന് ആരംഭിച്ച മലയാളം വിക്കിപീഡിയ പത്ത് വർഷം തികയ്ക്കുന്ന വർഷമാണിത്. ആദ്യ ഏതാനും വർഷങ്ങളിൽ ഇഴഞ്ഞിഴഞ്ഞായിരുന്നു മുന്നോട്ട് പോക്ക് എന്നാൽ ഏതാനും വർഷങ്ങൾക്കുള്ളിൽ സജീവരായ വിക്കീപീഡിയ ഉപയോക്താക്കളുടെ എണ്ണം വർധിച്ചതിനൊപ്പം തന്നെ മലയാളികൾക്കിടയിൽ വിക്കിപീഡിയ ഹിറ്റ് ആയി മാറുകയായിരുന്നു.

ഈ ലേഖനം എഴുതുന്ന വേളയിൽ 25,426 ലേഖനങ്ങളാണ് വിക്കിപീഡിയയുടെ മലയാളം വിലാസത്തിൽ (http://ml.wikipedia.org) ഉള്ളത്, ജൂലൈ 23 നാണ് കാൽ ലക്ഷം എന്ന കടമ്പ പിന്നിട്ടത്. ഇതിനൊപ്പം തന്നെ 15 ലക്ഷം തിരുത്തലുകൾ എന്ന മറ്റൊരു കാര്യവും നടന്നു. സാമ്പ്രദായികമായ വിജ്ഞാന കോശവുമായി താരതമ്യപ്പെടുത്തുമ്പോൾ തിരുത്തലുകൾ അഥവാ മെച്ചപ്പെടുത്തൽ എന്നത് വളരെ സസൂക്ഷ്മം കാണേണ്ട മികവിന്റെ അളവ് കോലായും എടുക്കാം. നിലവിലുള്ള ലേഖനത്തിൽ തെറ്റുള്ളത് മാത്രമല്ല തിരുത്തലിന് കാരണം. വിവര വിജ്ഞാനത്തിന്റെ മേഖലയിൽ നിരന്തരം പുതുക്കലുകൾ നടക്കുന്നുണ്ട് അതിനനുസരിച്ച് മാറ്റം അനിവാര്യമാണല്ലോ. ഉദാഹരണത്തിന് പ്രണാബ് കുമാർ മുഖർജി ഭാരതത്തിന്റെ പ്രഥമ പൗരനായി എത്തുമ്പോൾ എത്ര പേജിൽ മാറ്റമുണ്ടാകണം എന്ന് ചിന്തിച്ചാൽ മതിയാകും. എന്നാൽ സ്വതന്ത്രമല്ലാത്ത അല്ലെങ്കിൽ സാമ്പ്രദായികമായ വിജ്ഞാനകോശനിർമ്മിതിയിൽ ഒരു വിവരം പുതുക്കണമെങ്കിൽ കടമ്പകൾ ഏറെയാണ്. അതുകൊണ്ട് തന്നെയാണ് തുറന്ന ഘടനയുള്ള ഈ സ്വതന്ത്ര വിജ്ഞാ!ന കോശം ഇന്ന് വിവരാന്വേഷികൾക്ക് പ്രീയപ്പെട്ട ഇടമാകുന്നത്

കാൽലക്ഷം എന്ന നേട്ടത്തിൽ എത്തുന്ന അഞ്ചാമത്തെ ഭാരതീയ ഭാഷാ വിക്കിപീഡിയ ആണ് മലയാളത്തിന്റേത്. ഇതര ഭാഷകളുമായി താരതമ്യപ്പെടുത്തുമ്പോൾ നമ്മുടെ ഭാഷാപ്പതിപ്പിന് ഏറെ പറയാനുണ്ട്. പുത്തൻ എഴുത്തുകാർക്കായി വിക്കിപഠനശിബിരം , വിക്കിസംഭവങ്ങൾ എന്നിവ നടത്തുന്നു , സംസ്ഥാന സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമായി ഐടി പാഠപുസ്തകത്തിൽ വിക്കിപീഡിയയെ പറ്റി പഠിക്കാനുണ്ട് , സ്കൂൾ ഐടി ലാബിൽ കുട്ടികൾ വിക്കിപീഡിയയിൽ എഴുതാനും എഡിറ്റ് ചെയ്യാനും പ്രാപ്തി നേടുന്നു , വിക്കിപീഡിയയുമായി ബന്ധപ്പെട്ട് സിഡി റോം പതിപ്പ് ഇറക്കുന്നു , എത്രയോ ഗ്രന്ഥശാലകളിൽ മറ്റ് കൂട്ടായ്മകളിൽ വിക്കിപീഡിയ എന്ത്, എങ്ങനെ ഉപയോഗിക്കാം, എങ്ങനെ എഴുതാം, എന്നതിനെ പറ്റി പരിശീലനങ്ങൾ നടക്കുന്നു. ഇതൊക്കെ തന്നെയാണ് മലയാളത്തിന്റെ മികവിന് മാറ്റ് കൂട്ടുന്നത്.

ഇനിയും നമുക്ക് ഏറെ മുന്നേറാനുണ്ട്. അത് കൊണ്ട് ഇത് വരെ വിക്കിപീഡിയ ഉപയോഗിച്ചിട്ടില്ലാത്തവർ കടന്നു വരൂ, ഉപയോഗിച്ച് തുടങ്ങി എന്നാൽ എഴുതിയിട്ടില്ലാത്ത/തിരുത്തലുകൾ വരുത്താത്തവരും മടിച്ച് നിൽക്കേണ്ട. നിങ്ങളും കൂടി ചേർന്ന് നമുക്ക് താണ്ടാൻ വലിയ ലക്ഷ്യങ്ങളുണ്ട്. താരതമ്യേന ഉയർന്ന സാക്ഷരത, അടിസ്ഥാന വിദ്യാഭ്യാസത്തിലെ പുരോഗതി , സ്കൂൾ സിലബസിന്റെ ഭാഗമായുള്ള ഐടി പരിശീലനം , പൊതു ഇടങ്ങളിലെ ഇന്റർനെറ്റ് ലഭ്യത, പരിശീലനം എന്നിവയും വിക്കിപീഡിയക്കും വളക്കൂറുള്ള മണ്ണാണ്.

ഒന്നോർക്കുക വിക്കിപീഡിയക്ക് ഒരു മുതലാളി ഇല്ല എന്റേയും നിങ്ങളുടെതുമാണ്, ലാഭേച്ഛ അല്ല ഇതിനെ മുന്നോട്ട് നയിക്കുന്നത് പൊതു സമൂഹത്തിന് വേണ്ടി എന്തെങ്കിലും നന്മ ചെയ്തു എന്ന സംതൃപ്തിയാകണം . വളരുന്ന വിജ്ഞാനസമൂഹത്തിനായി നമ്മളായി എന്തെങ്കിലും സംഭാവന നൽകുന്നു . പലതുള്ളി പെരുവെള്ളം പോലെ ഈ ചെറുസഹായങ്ങൾ ചേർന്ന് വിക്കിപീഡിയയെ ലോകത്തിലെ ഏറ്റവും ആധികാരികമായ വിപുലമായ ലേഖന സഞ്ചയമുള്ള ഇന്റർനെറ്റ് ഇടമായി മാറ്റും . ഇതാകണം നമ്മുടെ ലക്ഷ്യം , പ്രതിഫലമായി എത് വിഷയത്തെ പറ്റിയും ആധികാരികമായ നല്ല ഭാഷയിലുള്ള ലേഖനം എല്ലാർക്കും എപ്പോഴും എവിടെയും ലഭ്യമാകും. അത് കൊണ്ട് തന്നെ വരൂ വായനക്കാരേ നിങ്ങളെ വിക്കിപീഡിയക്ക് അവശ്യമുണ്ട്. നീക്കിവയ്ക്കുന്ന അഞ്ച് മിനിട്ടായാലും മതി അതിന്റെ മൂല്യം അളക്കാനാകാത്തത്ര വലുതാണ്.

എക്സ്ട്രാ ബൈറ്റ് : വിക്കിപീഡിയയെ പറ്റി അതിന്റെ പേജിൽ നിന്ന് തന്നെ ഒരു ഖണ്ഡിക ഉദ്ധരിക്കുന്നത് ഉചിതമാകും. *മറ്റെവിടെയും കാണാത്ത ലേഖനങ്ങൾ : ഒരു വിജ്ഞാനകോശമെന്ന നിലയിൽ വിക്കിപീഡിയയുടെ ഏറ്റവും വലിയ പ്രത്യേകത അതിനു കൈവരിക്കാവുന്ന വ്യാപ്തിയാണ്. ഒരു പേപ്പർ വിജ്ഞാനകോശത്തിന് അതിന്റെ വലിപ്പത്തിൽ നിയന്ത്രണം പാലിക്കേണ്ടതിനാൽ ഉൾക്കൊള്ളിക്കാനുള്ളതിലേറെ ഒഴിവാക്കാനുള്ള വിഷയങ്ങളായിരിക്കും ഉണ്ടാവുക. ഇവിടെയാണ് വിക്കിപീഡിയ വ്യത്യസ്തമാകുന്നത്. ഓൺലൈൻ വിജ്ഞാനകോശമായതിനാൽ വിജ്ഞാനപ്രദമായ ഏതു ചെറുവിഷയത്തെയും വിക്കി സ്വാഗതം ചെയ്യുന്നു. ഒരുദാഹരണമെടുത്താൽ , മലയാളത്തിൽ പ്രസിദ്ധീകൃതമായ ചെറുതും വലുതുമായ വിജ്ഞാനകോശങ്ങളിലൊന്നും ഒരുപക്ഷേ കുട്ടിയും കോലും എന്ന കളിയെക്കുറിച്ച് ഒരു ലേഖനം കണ്ടേക്കില്ല. വളരെ നിസ്സാരമെന്നു തോന്നാവുന്ന ഈ വിഷയത്തെക്കുറിച്ചും അറിയാൻ താല്പര്യമുള്ളവർ കാണും എന്നതിൽ സംശയമില്ലല്ലോ. മലയാളം വിക്കിപീഡിയയിൽ ഏറ്റവും താല്പര്യത്തോടെ തിരുത്തപ്പെടുന്ന ലേഖനങ്ങളിലൊന്നാണിത്.*

(ഫേസ്ബുക്ക് /ട്വിറ്റർ : VKadarsh)

ടെലിവിശേഷം

വീട്ടമ്മയിൽ ഓണപ്പെരുമഴ

കൈരളി ടി.വിയിൽ തിങ്കൾ മുതൽ വ്യാഴംവരെ വൈകീട്ട് നാലുമുതൽ അഞ്ചുവരെ സംപ്രേഷണം ചെയ്യുന്ന മലയാളത്തിലെ മികച്ച വനിതാക്ഷേമ പരിപാടിയായ വീട്ടമ്മയിൽ ഓണക്കാലവിഭവങ്ങൾ ഒരുക്കുന്നു. 'ഓണസദ്യ'യിലൂടെ വളരെ വ്യത്യസ്തമായ പത്ത് ഓണം സ്പെഷ്യൽ ഒരുക്കിക്കൊണ്ട് സിനിമാ ടി.വി. താരം അനീഷ് രവി എത്തുന്നു. കൊല്ലം ഷാ മാവേലിയായി വരുന്ന താരസല്ലാപത്തിൽ സോനു, ബാലാജി, മഹാലക്ഷ്മി, ദേവു, ആതിര, പിന്നണി ഗായകരായ വരുൺ തിലക്, സരിത രാജീവ് തുടങ്ങിയവർ പങ്കെടുക്കുന്നു.

'ഡാൻസ് ടീച്ചറി'ന്റെ ഗ്രാന്റ് ഫിനാലെയും ഓണനാളുകളിലെ എപ്പിസോഡുകളിൽ കാണാം. മുപ്പതോളം സെഗ്മെന്റുകളാണ് വീട്ടമ്മയിൽ നിലവിലുള്ളത്. ഇത്രയധികം സെഗ്മെന്റുകൾ ഒരുക്കുന്ന മലയാളത്തിലെ ഏക വനിതാക്ഷേമ പരിപാടിയാണ് വീട്ടമ്മ. ഭാഗ്യലക്ഷ്മി പ്രെഡക്ഷൻസിന്റെ ബാനറിൽ പ്രസാദ് നൂറനാടാണ് വീട്ടമ്മ ഒരുക്കുന്നത്.

പച്ചക്കുതിര ഫാമിലി ക്വിസ്

കൈരളിയിൽ ഉടൻ സംപ്രേഷണം ആരംഭിക്കുന്ന ഫാമിലി ക്വിസ് പരിപാടിയിൽ പ്രശസ്ത സിനിമാതാരം സിദ്ധിഖ് അവതാരകനാകുന്നു. അഞ്ചുപേരടങ്ങുന്ന കുടുംബമാണ് മത്സരിക്കുക. പണം, സ്വർണം, വീട്ടുപകരണങ്ങൾ, വസ്ത്രം, ഫർണിച്ചർ തുടങ്ങി കുടുംബാംഗങ്ങൾ ഇഷ്ടപ്പെട്ട സമ്മാനം തെരഞ്ഞെടുത്തശേഷമായിരിക്കും മത്സരം ആരംഭിക്കുക. കേരളത്തിനകത്തും പുറത്തും നടന്ന വിദ്യാർത്ഥികളുടെ ക്വിസ് മത്സരങ്ങളിൽ വിജയിച്ച കുട്ടികളും അവരുടെ കുടുംബാംഗങ്ങളുമായിരിക്കും മത്സരിക്കുക. കൈരളിയിൽ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ രാത്രി 9.30 ന് സംപ്രേഷണം ചെയ്യുന്ന ഈ പരിപാടിയിൽ കേരളത്തിനകത്തും പുറത്തുമുള്ള കുടുംബങ്ങൾ പങ്കെടുക്കും. കൈരളി ടിവിയിൽ ആഗസ്റ്റ് മാസം മൂന്നു മുതൽ സംപ്രേഷണം ചെയ്യും.

ലൈവ് ഫ്രെയിം

ടി.എസ്.സുരേഷ്ബാബു

താരങ്ങൾ കണ്ടു കയ്യടിച്ച ബലാത്സംഗം

ജീവിതത്തിൽ ആദ്യമായാണ് ഒരു ബലാത്സംഗ സീൻ ഷൂട്ടു ചെയ്യാനൊരുങ്ങുന്നത്. അതിന്റെ മുഴുവൻ ടെൻഷനും എനിക്കുണ്ടായിരുന്നു. ആലപ്പുഴ ഉദയാസ്റ്റുഡിയോവിലെ തിയറ്ററിനകത്ത് കാമറ റെഡിയാക്കിക്കഴിഞ്ഞു. കൂടിക്കാഴ്ച എന്ന സിനിമയുടെ ഷൂട്ടിംഗാണു നടന്നു കൊണ്ടിരിക്കുന്നത്.

രണ്ടു കുടുംബങ്ങളുടെ ശത്രുതയാണ് സിനിമയുടെ പ്രമേയം. ഒരു കുടുംബത്തിൽ അച്ഛനും നാല് ആൺമക്കളുമുണ്ട്. അതിലൊരാൾ മറ്റേ കുടുംബത്തിലെ പെൺകുട്ടിയെ ബലാത്സംഗം ചെയ്യുന്നതാണു സീൻ. സാധാരണ എന്റെ സിനിമകളിൽ ബലാത്സംഗം വരാറേയില്ല. പക്ഷേ ഈ സിനിമയിൽ ബലാത്സംഗം കഥയ്ക്ക് ആവശ്യവുമാണ്.

അച്ഛൻ പ്രതാപചന്ദ്രൻ, മക്കളായി സന്തോഷ്, ശിവജി, മനുവർമ്മ, സുരേഷ്ഗോപിയുടെ അനിയൻ സുഭാഷ്ഗോപി, സഹോദരനായി രാജൻ.പി.ദേവ് എന്നിവർ റെഡിയായിക്കഴിഞ്ഞു. ബലാൽസംഗം ചെയ്യപ്പെടുന്ന ചിത്രയും മേക്കപ്പ് കഴിഞ്ഞെത്തി.

എനിക്കു ടെൻഷൻ കൂടി. അന്ന് റേപ്പ്സീനാണ് ചിത്രീകരിക്കുന്നതെന്നു നേരത്തേ തന്നെ അറിയാവുന്നതിനാലാവണം കാഴ്ചക്കാർ ഏറിവരികയാണ്.

കുടുംബത്തിലെ നാലു മക്കളോ അച്ഛനോ സഹോദരനോ ആരെങ്കിലും ഒരാളാണ് ബലാത്സംഗം ചെയ്യേണ്ടത്. അത് ആരോടു പറയുമെന്ന ചിന്തയായി എനിക്ക്. വല്ലാത്തൊരു ചമ്മൽ. ഒടുവിൽ കാര്യം അവതരിപ്പിച്ചു.

'ആരെങ്കിലും ഒരാൾ ബലാത്സംഗത്തിനു മുന്നോട്ടുവരണം'

ഞാൻ പറയേണ്ട താമസം ആറുപേർക്കും സമ്മതം. ടെൻഷനിടയിലും ഞാൻ ചിരിച്ചുപോയി.

'എന്തായാലും ആറുപേർക്കും ബലാത്സംഗം ചെയ്യാൻ പറ്റില്ല. അതിനാൽ നറുക്കിടാം'

എന്റെ നിർദേശം എല്ലാവരും സമ്മതിച്ചു.

'പക്ഷേ, സുരേഷ്ഗോപിയുടെ പേര് നറുക്കിൽ ചേർക്കില്ല. അവനെങ്ങാനും ഈ സീനിൽ അഭിനയിച്ചാൽ സുരേഷിന്റേയും അച്ഛന്റേയും തെറി എനിക്കു കേൾക്കേണ്ടിവരും'– ഞാൻ പറഞ്ഞു.

സുരേഷ്ഗോപിയുടെ കുടുംബവുമായി ഞങ്ങളുടെ കുടുംബത്തിന് അത്രയ്ക്ക് അടുത്ത ബന്ധമാണുള്ളത്. പത്തു പതിനൊന്നു വയസുവരെ സുരേഷിനെ നോക്കിയത് എന്റെ അമ്മയായിരുന്നു. അതുകൊണ്ടുതന്നെ ഞങ്ങളുടെ കുടുംബങ്ങൾ തമ്മിൽ അത്രയ്ക്കടുപ്പവുമുണ്ടായിരുന്നു.

ബാക്കിയുള്ളവരുടെ പേരുചേർത്തു നറുക്കിട്ടു. നറുക്കു വീണത് ശിവജിക്ക്. മറ്റുള്ളവരുടെ മന:പ്രയാസം മുഖത്തു കാണാം.

ബലാത്സംഗത്തിനിടെ മുഖംമൂടിയിട്ട നാലു ഗുണ്ടകൾ വരണം. ഗുണ്ടയെങ്കിൽ ഗുണ്ട എന്നു പറഞ്ഞ് പ്രതാപചന്ദ്രനും സന്തോഷും തയാറായി. മറ്റു രണ്ടുപേർ കാമറാമാൻ വില്യംസും നിർമ്മാതാവിന്റെ പാർട്ണറുമായിരുന്നു. ടേക്ക് പുരോഗമിക്കവേയാണ് മമ്മുക്ക ലൊക്കേഷനിലെത്തിയത്. അദ്ദേഹത്തെ കണ്ടയുടൻ മുഖംമൂടിയിട്ട ഗുണ്ടകൾ കൈവീശിക്കാണിച്ചു. അവരാരാണെന്ന് മമ്മുക്ക ഇടയ്ക്കിടെ ചോദിക്കുന്നുണ്ടായിരുന്നു. ഗുണ്ടകളെ അവസാനം കാണാമെന്നായിരുന്നു എന്റെ മറുപടി.

ഷൂട്ടിംഗിനിടയിലെ ചെറിയൊരു ബ്രേക്കിൽ മമ്മുക്ക പോകാൻ റെഡിയായി. മുഖംമൂടിക്കാരെ അടുത്തേക്കു വിളിച്ചു. അവരിൽ മൂന്നുപേരുടെ മുഖം കണ്ടപ്പോൾ അദ്ദേഹം പൊട്ടിപ്പൊട്ടിച്ചിരിച്ചു.

'വെറുതെയല്ല വില്യംസിനെ ഇവിടെയൊന്നും കാണാത്തത്'

മമ്മുക്ക പറഞ്ഞപ്പോൾ വില്യംസും ആ തമാശയിൽ പങ്കുചേർന്നു. വളരെ പെട്ടെന്നു തന്നെ ഷൂട്ടിംഗ് പൂർത്തിയാക്കിയതോടെയാണ് ശ്വാസം നേരെ വീണത്. അപ്പോഴാണ് സീൻ കാണാനെത്തിയവരുടെ നീണ്ട നിര ശ്രദ്ധിച്ചത്.

സുകുമാരൻ, ജയറാം, ജഗദീഷ്, ബാബു ആന്റണി, ജഗതി, ഉർവശി, ബാബു നമ്പൂതിരി എന്നിവർ ചിരിച്ചുകൊണ്ട് കൈപിടിച്ചു.

'റോളില്ലാതിരുന്നിട്ടും രാവിലെ തന്നെയെത്തിയത് ബലാത്സംഗ സീൻ കാണാൻ വേണ്ടിയായിരുന്നു. അല്ലേ?'

ചിരിച്ചുകൊണ്ടു ചോദിച്ചപ്പോൾ മറുപടി പറഞ്ഞതു സുകുവേട്ടനായിരുന്നു.

'ശുദ്ധ വെജിറ്റേറിയൻ ആയ സുരേഷ്ബാബു എങ്ങിനെ ബലാത്സംഗം കൈകാര്യം ചെയ്യുന്നു എന്നറിയാനാണ് ഞങ്ങൾ വന്നത്. നിങ്ങളുടെ മുഖത്തെ ആ ചമ്മലൊന്നു കാണാൻ വേണ്ടി മാത്രം.'

തയാറാക്കിയത്: **രമേഷ് പുതിയമഠം**
(ഫോൺ: 94462 64805)

---

mangalam matrimonial classifieds

ThaliMangalam.com
World Wide Wedding

Wanted Bride

1. RC boy 32/165, P D C, studio (working in Bangalore), interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,A-1232876

2. LC boy 30/176, BA, clerk, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,J-1232880

3. RC boy 31/181, Net PHD, lecturer, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,V-1232938

4. Jacobite boy 26/172, ITI, supervisor, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,A-1232887

5. Jacobite boy 33/175, PDC, technician, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,B-1232904

6. Jacobite boy 29/178, Diploma, water authority, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,L-1232891

7. LC boy 27/170, Diploma, marine electrician, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,A-1232914

8. LC boy 39/173, PDC, manager, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,S-1232892

9. Paravan boy (pooyam) 32/167, Plus two, (working in Dubai), interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,A-1232896

10. LC boy 29/175, B.com, office manager, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,J-1232899

11. Nair boy (Rohini) 38/190, M.com, CA, senior manager, interested seeks suitable alliance professionally qualified Girls. For details 9895005739, 9847204828, info@thalimangalam.com,S-1233080

12. Nair boy (Uthradam) 30/170, BA, L D clerk, interested seeks suitable alliance professionally qualified Girls. For details 9895005739, 9447863396, info@thalimangalam.com,M-1233096

13. Jacobite boy 25/165, BE Electronic, KSEB (temporary), interested seeks suitable alliance professionally qualified Girls. For details 9895005739, 04864222026, info@thalimangalam.com,E-1233089

14. Ezhava boy (Makayiram) 37/157, S.S.L.C, business, interested seeks suitable alliance professionally qualified Girls. For details 9895005739, 9400807602, info@thalimangalam.com,N-1233095

15. Vellala boy 39/167, S.S.L.C, farmer, interested seeks suitable alliance professionally qualified Girls. For details 9895005739, 9496680842, info@thalimangalam.com,M-1233079

16. LC boy 32/177, Diploma, Welder, interested seeks suitable alliance professionally qualified Girls. For details 9895005739, 9745055386, info@thalimangalam.com,S-1233081

17. Nair boy (Triketta) 39/177, BHMS, hotel management, interested seeks suitable alliance professionally qualified Girls. For details 9895005739, 9961819639, info@thalimangalam.com,D-1233077

18. Ezhava boy (Aswathy) 32/180, Diploma, hotel management, interested seeks suitable alliance professionally qualified Girls. For details 9895005739, 8547905788, info@thalimangalam.com,H-1233017

19. Nair boy (Avittam) 35/175, S.S.L.C, contract work, interested seeks suitable alliance professionally qualified Girls. For details 9895005739, 9895969393, info@thalimangalam.com,V-1233072

20. Nair boy (Bharani) 39/162, S.S.L.C, business, interested seeks suitable alliance professionally qualified Girls. For details 9895005739, 9447079211, info@thalimangalam.com,S-1233004

21. Nair boy (Anizham) 30/167, P D C, business, interested seeks suitable alliance professionally qualified Girls. For details 9895005739, 9447764334, info@thalimangalam.com,J-1232916

22. Nair boy (Thiruvonam) 31/177, P D C, business, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,S-1232917

23. Ezhava boy (Pooyam) 31/174, B.com, (working in Dubai), interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,A-1232919

24. Ezhava boy (Atham) 31/182, S.S.L.C, company, interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,J-1232925

25. Dheevara boy (Uthradam) 36/175, ITC, (working in Kuwait), interested seeks suitable alliance professionally qualified Girls. For details 9895005739, 04844275000, info@thalimangalam.com,R-1232927

26. RC boy 32/172, Diploma, business, interested seeks suitable alliance professionally qualified Girls. For details 9895005739, 9846077378, info@thalimangalam.com, M-1233071

27. Pattarya boy 38/168, ITI, BA, interested seeks suitable alliance professionally qualified Girls. For details 9895005739, 8943315832, info@thalimangalam.com, B-1233067

28. RCSC boy 34/162, S.S.L.C, contract work, interested seeks suitable alliance professionally qualified Girls. For details 9895005739, 9496279881, info@thalimangalam.com, S-1233046

Page 3:Page 3.qxd 8/11/2012 12:12 AM Page 2

■ **പല്ലിശേരി**

ല്ലം റെയിൽവേ സ്റ്റേഷൻ.

രാവിലെ ഏഴ് മണി.

അഞ്ചാംനമ്പർ പ്ലാറ്റ്ഫോമിലേക്ക് ചലച്ചിത്ര സംവിധായകൻ ഹരിഹരനൊപ്പം ഞാൻ നടന്നു.

ഭരത് മുരളി അനുസ്മരണവും അവാർഡുദാനവും കഴിഞ്ഞാണ് ഹരിഹരന്റെ മടക്കയാത്ര.

മുരളി ആദ്യമായി അഭിനയിച്ച് റിലീസ് ചെയ്ത പഞ്ചാഗ്നിയുടെ സംവിധായകൻ എന്ന നിലയിൽ ഭരത് മുരളി കൾച്ചറൽ സെന്റർ ഹരിഹരനെ ആദരിച്ചിരുന്നു. വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്ന ആളാണ് ചലച്ചിത്രസംവിധായകൻ എന്ന നിലയിൽ 40 വർഷം പിന്നിട്ട ഹരിഹരൻ.

മംഗലാപുരത്തേക്കുള്ള പരശുറാം എക്സ്പ്രസ് വരാൻ ഇനിയും 30 മിനുട്ടുണ്ട്. തലേദിവസത്തെ മുരളി അനുസ്മരണത്തിന്റെ വാർത്തകളും ചിത്രങ്ങളും മിക്ക പത്രങ്ങളിലും നല്ല പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നത് ഹരിഹരന്റെ ശ്രദ്ധയിൽപ്പെട്ടു.

'നല്ല നടനായിരുന്നു മുരളി. ആദ്യമായി പഞ്ചാഗ്നിയിൽ അഭിനയിക്കാൻ കൈതപ്രത്തിനൊപ്പമാണ് വന്നത്. മുരളിയുടെ ശബ്ദമാണെന്നെ ഏറെ ആകർഷിച്ചത്. ആദ്യ സീൻ കഴിഞ്ഞപ്പോൾതന്നെ ഞാൻ എം.ടിയോട് പറഞ്ഞു. മലയാളസിനിമയ്ക്ക് മുരളി ഒരു മുതൽക്കൂട്ടാകും. എന്റെ പ്രതീക്ഷകൾക്കപ്പുറം മുരളി വളർന്നു.'

സഹയാത്രികരിൽ ചില ചെറുപ്പക്കാർ ഹരിഹരന്റെ അടുത്തേക്ക് വന്നു: 'ഗുഡ് മോർണിംഗ് സർ'–ഹരിഹരനെ അവൾ വിഷ് ചെയ്തു. തിരിച്ച് ഹരിഹരനും.

'ഞങ്ങൾ സാറിന്റെ സിനിമകളുടെ ആരാധകരാണ്.'

ഹരിഹരൻ ചിരിച്ചു. അംഗീകരിക്കുന്ന മട്ടിൽ.

'സാറെങ്ങോട്ടാണ്'.

'കോഴിക്കോട്ടേക്ക്, എം.ടിയെ കാണണം.'

'പുതിയ പടം എന്താ തുടങ്ങാത്തത്? കഴിഞ്ഞ മാസം തുടങ്ങുമെന്നാണല്ലോ സിനിമാമംഗളത്തിൽ വായിച്ചത്.' ഹരിഹരന്റെ എന്നെ നോക്കി പകുതി ചിരി സമ്മാനിച്ചു.

'എന്താ വൈകുന്നത്?'

'ഒരു നടിയെ വേണം. പത്മപ്രിയയെപ്പോലെ ഒരു നടി. അതിനുള്ള അന്വേഷണമാണ്.'

'പത്മപ്രിയയെ അഭിനയിപ്പിച്ചു കൂടെ'

'പത്മപ്രിയയെയായിരുന്നു അഭിനയിപ്പിക്കാൻ തീരുമാനിച്ചത്. എന്നാൽ പഠിക്കുന്നതിനായി അവർ അമേരിക്കയിലാണ്'.

'മീരാ ജാസ്മിനെ അഭിനയിപ്പിച്ചുകൂടെ സാർ'

'മീരാ ജാസ്മിനും അമേരിക്കയിലാണ്. ഒരു മാസം കഴിഞ്ഞേ തിരിച്ചു വരൂ..'

'നായകൻ മമ്മൂട്ടിയോ മോഹൻലാലോ'

'അവർ രണ്ടു പേരും ഇല്ല'

'മോഹൻലാലിനോട് ഇക്കാര്യം സംസാരിച്ചിരുന്നതല്ലേ? ഞങ്ങൾ അങ്ങനെയാണല്ലോ വായിച്ചിരുന്നത്. പിന്നെന്താ ലാലേട്ടനെ വേണ്ടെന്നു വച്ചത്...'

'മോഹൻലാലിനെ അഭിനയിപ്പിക്കാൻ ആലോചിച്ചത് ഈ സിനിമയിലല്ല. എം.ടിയുടെ 'രണ്ടാമൂഴ'ത്തിലാണ്. ആ പ്രോജക്ട് ഇപ്പോഴത്തെ പ്രോജക്ടിന് ശേഷമേ ഉണ്ടാകൂ.

'സർ... മമ്മൂട്ടിക്കും മോഹൻലാലിനും ഇനിയും അഭിനയം നിർത്തിക്കൂടേ?'

ഹരിഹരൻ അവരെ നോക്കി നിന്നു. ഒന്നും പറഞ്ഞില്ല.

'ഇവർക്കൊക്കെ നാണമാവില്ലേ സാർ കൊച്ചു പെമ്പിള്ളേരുടെ കൂടെ പ്രണയിച്ചു നടക്കാൻ... മമ്മൂട്ടിക്ക് 65 വയസായി അല്ലേ സാർ?'

ഹരിഹരൻ മറുപടി പറയാതെ നിന്നു.

'നമുക്ക് മുന്നോട്ട് നടക്കാം' എന്നു പറഞ്ഞ് ഹരിഹരൻ നടന്നു.

ഞാൻ അവിടെ നിന്നുരുന്ന ചെറുപ്പക്കാരോട് പറഞ്ഞു.

'ഇനി ഒന്നും ചോദിക്കേണ്ട. അദ്ദേഹത്തിന് ദേഷ്യം വന്നിട്ടുണ്ട്'.

'ദേഷ്യം വരാനായി ഞങ്ങളൊന്നും ചോദിച്ചില്ലല്ലോ..'

'നിങ്ങളെന്തു ചെയ്യുന്നു?'

'ഞങ്ങൾ തിരുവനന്തപുരത്താണ് ജോലി ചെയ്യുന്നത്. ടെക്നോ പാർക്കിൽ.'

ട്രെയിൻ വരുന്ന മുന്നറിയിപ്പ്.

'സത്യം പറയാലോ സാർ, പഴശ്ശിരാജ ഞങ്ങൾക്കിഷ്ടപ്പെട്ട സിനിമയാണ്. എന്നാൽ മമ്മൂട്ടിയെ ഞങ്ങൾക്കിഷ്മായില്ല.'

വളവുതിരിഞ്ഞു വരുന്ന പരശുറാം. ചെറുപ്പക്കാരോട് യാത്ര പറഞ്ഞ് ഞാൻ ഹരിഹരന്റെ അടുത്തേക്ക് നടന്നു.

'അവർ മിടുക്കരാണ്, അവരുടെ ചോദ്യം കേട്ടില്ലേ..? ഇതൊന്നും മമ്മൂട്ടിയടക്കമുള്ളവർ മനസിലാക്കുന്നില്ല'.

ഹരിഹരൻ അതിനുത്തരം പറയാതെ വിഷയം മാറ്റാനൊരുങ്ങി. പിന്നീട് ഞങ്ങൾ സിനിമയെക്കുറിച്ചും സംഗീതത്തെക്കുറിച്ചും അഭിനയത്തെക്കുറിച്ചും സംസാരിച്ചു.

'കോമഡി രണ്ടു തരത്തിലുണ്ട്. ഒന്ന് ഇന്റലിജന്റ് കോമഡി. ഇറ്റ് ഈസ് ഓൾവേയ്സ് ഗുഡ്.. കോമഡി പടം മോശമാണെന്ന് ഒരിക്കലും പറയാൻ പറ്റില്ല. സിനിമയുടെ ഒരു ഭാഗമാണത്. ഇപ്പോൾ വരുന്ന സിനിമകളിൽ ഒരേ ടൈപ്പ് കോമഡികളാണ്. ഞാൻ ഫാമിലുടെ ആളാണ്, ഞാൻ കോമഡിയുടെ ആളാണ്, ക്രൈം ത്രില്ലറിന്റെ ആളാണ് എന്നു പറയുന്നതിൽ അർത്ഥമില്ല. ലോക സിനിമ എടുത്തു നോക്കു. സസ്പെൻസ് ത്രില്ലറുണ്ട്. മർഡർ മിസ്റ്ററിയുണ്ട്. ഇൻവെസ്റ്റിഗേഷനുണ്ട്, ഗോസ്റ്റ് ഫിലിംസുണ്ട്, കോമഡി ഫിലിംസുണ്ട്, അങ്ങനെ വെറൈറ്റീസ് ഓഫ് ഫിലിംസ് വരണം. എന്നാൽ നമ്മുടെ സിനിമയിൽ മഹാനടന്മാരുൾപ്പെടെ കോമഡിയിലേക്കാണ് ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത്. മലയാള സിനിമ മാത്രമല്ല ഇന്ത്യ സിനിമ എടുത്തു നോക്കിയാലും ഒരു നടന്റെയോ നടിയുടേയോ ഔട്ട് സ്റ്റാന്റിംഗ് പെർഫോമൻസ് കാണാൻ കഴിയുമോ? അശോക് കുമാർ, ദിലീപ്കുമാർ, ദേവാനന്ദ് അവരെന്താണ് ചെയ്തത്... ചാടിക്കളിക്കുകയല്ലെ ചെയ്തത്. പെർഫോമൻസ് സ്റ്റൈൽ ഇന്ന് ഇന്ത്യയിലുണ്ടോ?'

മ്യൂസിക്ക് നല്ലതല്ലേ?

'മ്യൂസിക് ചാടിക്കളിക്കാനുള്ളതാണോ? സംഗീതം ഇന്ത്യൻ ഫിലിംസ് മിസ്യൂസ് ചെയ്യുകയല്ലേ ചെയ്യുന്നത്? ഇതൊരു പക്ഷേ പലർക്കും വളർച്ചയായും മോഡേണായും തോന്നാം.

'പോണാൽ പോകട്ടും പോടാ' എന്നു പാടി ശിവാജി ഗണേശൻ ശവപ്പറമ്പിലൂടെ നടക്കുന്ന ഒരു രംഗം ഇപ്പോഴും പ്രേക്ഷക മനസിലുണ്ട്. അതൊരിക്കലും മനസിൽ നിന്നും മായുകയില്ല ആ ഗാനരംഗം ഇപ്പോഴും നമ്മേ ഡിസ്റ്റർബ് ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്നാണെങ്കിൽ ആ ശവപ്പറമ്പിൽ ഗ്രൂപ്പ് ഡാൻസ് കളിക്കും. സംഗീതം എന്നു പറയുന്നത് ദൈവികമായ കലയാണ്. അതിന് ഭാവങ്ങളുണ്ട്, വീര്യമുണ്ട്, ശൃംഗാരമുണ്ട്, ദു:ഖമുണ്ട്. ഇന്ന് ഇതൊന്നുമില്ലാതെ ചാടിക്കളിക്കുകയാണ്.'

99 ശതമാനം സിനിമകളിലെ ഗാനങ്ങളും വിദേശത്തു വച്ചാണ് ചിത്രീകരിക്കുന്നത്. ഒരു പാട്ടെങ്കിലും വിദേശത്തു വച്ച് എടുത്തില്ലെങ്കിൽ ഉറക്കംവരാത്ത അവസ്ഥ. 40 വർഷമായി സംവിധാന രംഗത്തു പ്രവർത്തിക്കുന്ന താങ്കൾ ഇതിനെ എങ്ങനെ കാണുന്നു?

'ചരിത്രം പരിശോധിച്ചാൽ മലയാള സിനിമയിലായാലും ഹിന്ദി സിനിമയിലായാലും ഏറ്റവും കൂടുതൽ ഹിറ്റായിട്ടുള്ള ഗാനചിത്രീകരണം നമ്മുടെ മണ്ണിൽ വച്ചായിരുന്നു എന്നു കാണാം. ഇതുമാത്രമേ എനിക്കു പറയാനുള്ളു.'

മമ്മൂട്ടിയും മോഹൻലാലും ഇനിയും പ്രായപൂർത്തി എത്താറായ പെൺകുട്ടികളോടൊപ്പം കാമുകരായി അഭിനയിക്കണോ?

'അതൊക്കെ അവരല്ലേ തീരുമാനിക്കേണ്ടത്. നല്ല നടന്മാരാണ് ഇരുവരും. കുറേ സെലക്ടീവായി നല്ല സിനിമകളിൽ നല്ല വേഷങ്ങളിൽ അഭിനയിച്ചുകൂടെ? ഇനി അവർ അച്ചരന്റേയും അമ്മാവന്മാരുടേയും റോളുകളിൽ അഭിനയിക്കുന്നതാണ് ബുദ്ധി.

നല്ല സിനിമയാണെങ്കിൽ ജനം കണ്ടിരിക്കും. അതിന്റെ ഏറ്റവും വലിയ ഉദാഹരണം 1964ൽ റിലീസ് ചെയ്ത 'കർണൻ' തന്നെ. ശിവാജി ഗണേശൻ 48 വർഷങ്ങൾക്ക് മുമ്പ് അഭിനയിച്ച് സൂപ്പർ ഹിറ്റാക്കിയ സിനിമ 48 വർഷങ്ങൾക്കുശേഷം വീണ്ടും റിലീസ് ചെയ്തിരിക്കുന്നു. കർണ്ണൻ ഒരു ചരിത്ര സംഭവമായിരുന്നു. ഇപ്പോഴും അതിനു മാറ്റം വന്നിട്ടില്ല. നിറഞ്ഞ സദസിൽ ഓടിക്കൊണ്ടിരിക്കുകയാണ്. അത്തരം സിനിമകളിലാണ് പ്രായമായ നായകനടന്മാർ അഭിനയിക്കേണ്ടത്.

മമ്മൂട്ടിക്കും മോഹൻലാലിനും ഫാൻസ് അസോസിയേഷനുകൾ ധാരാളമുണ്ടെങ്കിലും അടുത്തകാലത്ത് റിലീസ് ചെയ്ത പല സിനിമകളും തകർച്ചയിലാണ്. മുമ്പൊക്കെ റിലീസ് ചെയ്ത് തിയറ്ററിൽ ചെന്ന് കണ്ട ശേഷം നല്ല സിനിമയാണെങ്കിൽ അത് ജനം അംഗീകരിക്കണോ തിരസ്ക്കരിക്കണോ എന്നു പറയുമായിരുന്നു. എന്നാൽ ഇന്ന് മമ്മൂട്ടിയുടേയും മോഹൻലാലിന്റെയും സിനിമകൾ റിലീസ് ചെയ്യുന്ന ദിവസം തന്നെ മോശം സിനിമയാണെന്ന് പബ്ലിസിറ്റി കൊടുക്കുന്നു. ഇതാണിപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്.

എന്നിട്ടും അവർക്ക് വിഷമമില്ല. കാരണം സാറ്റ്ലൈറ്റ് റൈറ്റ്സിൽ കൂടി സിനിമ ലാഭകരമാക്കാമെന്ന് ഉറപ്പു നൽകുന്നു. സാറ്റ്ലൈറ്റ് റൈറ്റ്സ് നായകനടന്മാരെ രക്ഷിക്കാനുള്ളതാണ്. പടം പൊട്ടിയാലും അവരുടെ മാർക്കറ്റ് താഴാതെ നോക്കുന്നതിനാണ് സാറ്റ്ലൈറ്റ് റൈറ്റ്. അതേസമയം പുതിയ നടന്മാരും സംവിധായകരും ചെയ്യുന്ന സിനിമകൾ ശ്രദ്ധിക്കപ്പെടുന്നവയാണ്. ചിലവു ചുരുക്കി സിനിമ എടുത്ത ശേഷം അതിൽ ഓന്നോ രണ്ടോ താരങ്ങളെ വിളിക്കുന്നു. അവരുടെ പേരിൽ സാറ്റ്ലൈറ്റ് റൈറ്റ് കൊടുക്കുന്നു. പ്രൊഡ്യൂസർക്ക് സന്തോഷം. പണം മുൻകൂട്ടി വന്നതുകൊണ്ട് പുറത്തു നിന്നുള്ള മുതലും ലാഭവും മുൻകൂട്ടി ലഭിച്ചു. അതുകൊണ്ട് ആ സിനിമ കൂടുതൽ ദിവസം ഓടിക്കുന്നതിനോ പബ്ലിസിറ്റി കൊടുക്കുന്നതിനോ നിർമ്മാതാവ് തയ്യാറാകുന്നില്ല. നിർമ്മാതാവിന് മുതലും ലാഭവും കിട്ടുമെങ്കിലും ഓടാത്ത സിനിമയുടെ നായകനും സംവിധായകനുമാണെന്ന ചീത്തപ്പേര് ലഭിക്കുന്നു.

മമ്മൂട്ടിയും മോഹൻലാലും നല്ല നടന്മാരാണ്. അതിലാർക്കും തർക്കവുമില്ല. എന്നാൽ പ്രായമായിട്ടും പ്രായത്തിനനുസരിച്ചുള്ള വേഷങ്ങൾ സ്വീകരിക്കാത്തതിലാണ് അമർഷം. മമ്മൂട്ടിയായാലും മോഹൻലാലായാലും 'കല്യാണം കഴിക്കാൻ മറന്നു, അല്ലെങ്കിൽ വിവാഹമേ വേണ്ട എന്ന നിലയിൽ ജീവിച്ചു, വളരെ വൈകിയാണ് വിവാഹത്തെകുറിച്ചും കുടുംബജീവിതത്തെ കുറിച്ചും അറിഞ്ഞത്.' ഇത്തരത്തിലാണ് കഥാപാത്രങ്ങളുടെ പോക്ക്.

മുമ്പ് ഇവരോടൊപ്പം നായികയായി അഭിനയിച്ച നടിമാരിൽ പലരും ഇവരുടെ അമ്മയായിട്ടാണ് അഭിനയിക്കുന്നത്. അവർക്ക് അങ്ങനെ അഭിനയിക്കാൻ പ്രയാസം തോന്നിയിട്ടില്ല.

കാഴ്ചയിൽ മമ്മൂട്ടി സുന്ദരനാണ്. ആരോഗ്യം സംരക്ഷിക്കുന്നവനാണ്. സ്പെഷ്യൽ ട്രെയിനിംഗ് തന്നെ ഇക്കാര്യത്തിൽ മമ്മൂട്ടിക്കുണ്ട്. ആഹാരനിയന്ത്രണത്തിലും മമ്മൂട്ടി മിടുക്കനാണ്.

ഈയിടെ രണ്ടു നായികനടിമാരെ കണ്ടു. രണ്ടുപേരും സൂപ്പർ നായകനടന്മാരുടെ കൂടെ അഭിനയിച്ചവരാണ്. മകളാകാൻ പ്രായമുള്ള നടിമാരിൽ ഒരാൾ പറഞ്ഞത് ഇങ്ങനെയായിരുന്നു:

'ഞാനദ്ദേഹത്തിന്റെ (മമ്മൂട്ടിയുടെ) കാമുകിയായിട്ടാണ് അഭിനയിച്ചത്. സത്യത്തിൽ എനിക്ക് ആ നടനെ ഇഷ്ടമാണ്. എന്നാൽ ഞാനദ്ദേഹത്തിന്റെ കാമുകിയാണെന്ന ബോധം ഉണ്ടായ നിമിഷം മുതൽ ആത്മാർത്ഥമായി അഭിനയിക്കാൻ എനിക്കു കഴിഞ്ഞില്ല. അദ്ദേഹം പ്രേമപൂർവം എന്റെ കണ്ണുകളിലേക്കു നോക്കിയപ്പോൾ എനിക്കു ചിരിയാണ് വന്നത്. ഇവരുടെ മുഖം ക്ലോസപ്പിൽ കാണുമ്പോഴാണ് പ്രായം എത്ര ബാധിച്ചിട്ടുണ്ടെന്ന് മനസിലാകുന്നത്. എങ്കിൽ ചോദിക്കും ഇവരോടൊപ്പം അഭിനയിക്കാതിരുന്നുകൂടെ എന്ന്. എന്തിനു അഭിനയിക്കാതിരിക്കണം? അഭിനയം ഞങ്ങളുടെ ജോലിയാണ്. അതുകൊണ്ട് അഭിനയിക്കുന്നു. ഞങ്ങൾ അഭിനയിക്കാൻ തയ്യാറായില്ലെങ്കിൽ മറ്റു പലരും അതിന് തയ്യാറാകും.

മമ്മൂട്ടിയും മോഹൻലാലും ഇനി ധനമോഹം മറന്ന് നല്ല കഥാപാത്രങ്ങൾക്ക് വേണ്ടി കാത്തിരിക്കണം. ധാരാളം വായിക്കുന്ന കൂട്ടത്തിലാണ് മമ്മൂട്ടി. നല്ല സാഹിത്യകൃതികൾ തെരഞ്ഞു പിടിച്ച് സിനിമയാക്കാൻ ശ്രദ്ധിക്കണം. സത്യനും മധുവും സോമനും എല്ലാം വ്യത്യസ്ത കഥാപാത്രങ്ങളെ അവതരിപ്പിച്ചിരുന്നത് ഓർക്കുമല്ലോ.

സാഹിത്യകൃതികൾ തെരഞ്ഞെടുക്കുമ്പോഴും അതിലെ കഥാപാത്രമാകാൻ കഴിയുമോ എന്ന ചിന്തയും ഉണ്ടാകണം. വർഷത്തിൽ ഒന്നോ രണ്ടോ സിനിമ ചെയ്യാനും അതിശക്തമായ കഥാപാത്രങ്ങളെ അവതരിപ്പിക്കാനും കഴിയണം.

തമിഴ്നാട്ടിൽ കമലഹാസനും രജനികാന്തും ഈ രീതി വർഷങ്ങൾക്കുമുമ്പേ പരീക്ഷിച്ചു തുടങ്ങിയവരാണ്. അതുകൊണ്ട് അവരുടെ സിനിമയ്ക്ക് വേണ്ടി ജനം കാത്തിരിക്കുന്നു. എന്താണ് കമലഹാസന്റെ സിനിമ റിലീസ് ചെയ്യാത്തത്, എന്താണ് രജനീകാന്തിന്റെ സിനിമ റിലീസ് ചെയ്യാത്തത് എന്ന് ആകാംക്ഷയോടെ ചോദിക്കുന്ന ലക്ഷക്കണക്കിന് പ്രേക്ഷകർ. ഈ ചോദ്യമാണ് ഒരഭിനേതാവിന്റെ വിജയം. അതു കൊണ്ടവർ നിത്യവസന്തംപോലെ തമിഴ് സിനിമയിൽ നിറഞ്ഞുനിൽക്കുന്നു.

ഇവിടെ മമ്മൂട്ടിയും മോഹൻലാലും നേടേണ്ടതൊക്കെ നേടിക്കഴിഞ്ഞു. അതുകൊണ്ട് ചാട്ടവും ഓട്ടവും പ്രായപൂർത്തിയാകാത്ത പെമ്പിള്ളേരുടെ കൂടെയുള്ള അഭിനയവും ഒഴിവാക്കുക. തങ്ങളുടെ പ്രായത്തിനനുസരിച്ചുള്ള റോളുകൾ തെരഞ്ഞെടുക്കുക. ഒരു സ്വയം വിമർശനം മമ്മൂട്ടിയും മോഹൻലാലും നടത്തുക. കാരണം നിങ്ങളെ മലയാളസിനിമയ്ക്ക് എന്നും വേണം. അതുകൊണ്ടാണ് വേഷം കെട്ടലുകൾ മാറ്റി നല്ല വേഷങ്ങൾ തെരഞ്ഞെടുക്കണമെന്നു പറയുന്നത്.

ഒരിക്കൽകൂടി പറയട്ടെ, പ്രായത്തിനനുസരിച്ച് പകയുള്ള കഥാപാത്രങ്ങളെ അവതരിപ്പിക്കുക.